# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 5664.** **09/07/2012 - ലെ മറുപടിക്ക്**

## സിറ്റാർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. കെ.ശിവദാസൻ നായർ:<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. കെ.അച്ചുതൻ: | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സിറ്റാർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കുട്ടികളുടെ കലാപരമായ കഴിവുകളെ ഗവേഷണോന്മുഖമായി വളർത്തുന്നതിനുള്ള സൗഹൃദ കൂട്ടായ്മയാണ് 'സിതാർ'. ഓരോ വർഷവും ഒരോ പ്രത്യേകകലാ വിഭാഗങ്ങളിൽ താത്പര്യമുള്ള ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ കൂട്ടായ്മ ഒരുക്കുകയും അവരിൽ നിന്നും കൂടുതൽ തത്പരരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രസ്തുത കലാ വിഭാഗത്തെ ഗൗരവത്തോടെ പഠിക്കുന്നതിനും കൂടുതൽ താത്പര്യത്തോടെ അറിയുന്നതിനും അതിന്റെ ഭാഗമാകുന്നതിനും ഇന്ത്യയിലെ തന്നെ മികച്ച സാധ്യതകൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിയാണ് ഇത്.<br>SITAR-(Students Institute of Training for Artistic Rejuvenation) |
| (ബി) | സ്കൂളുകളിൽ കലാപരിശീലനത്തിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കലാക്ഷേത്രയുടെ ഭാഗമായി നടന്നുവരുന്ന ജില്ലാതല കലാപരിശീലനങ്ങൾ കൂടുതൽ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ നിന്ന് തൽപരരായ കുട്ടികളെ കണ്ടെത്തി പരിശീലനത്തിൽ പങ്കാളികളാക്കും. കൂടാതെ ഓരോ അക്കാദമിക് വർഷവും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രത്യേക കലാവിഭാഗത്തിൽ ഗവേഷണ മനസ്സോടെ പഠനം നടത്തുന്നതിനും പ്രത്യേക പരിശീലനം നേടുന്നതിനും |

| | | |
|---|---|---|
| | | പ്രസ്തുത കലയെ ചരിത്രപരമായി അറിയുന്നതിനും ആ കലയുടെ ഭാഗമാകുന്നതിനും മാത്രമല്ല ഇന്ത്യയിലെ തന്നെ പ്രസ്തുത കലാരൂപത്തിന്റെ പ്രമുഖ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കലാകാരൻമാരുടെ സാമീപ്യം അനുഭവിക്കുന്നതിനും അവർക്കൊപ്പം കലാപ്രകടനം നടത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ അവസരം ലഭ്യമാക്കും. |
| (സി) | ഏതെല്ലാം മേഖലയിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്? | (സി) ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**